# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153

St. Mary's Knanaya Catholic Church, 7800 W. Lyons St., Morton Grove, IL 60053

January 9, 2011, Vol. 6, Issue 16

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm



## വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തിരുന്നാൾ

ജനുവരി 9, ഞായറാഴ്ച രാവിലെ 10:00ന് മേവുഡ് തിരുഹൃദയ ദൈവാലയത്തിൽ.
പ്രസുദേന്തിമാർ: ഡോളി പുത്തൻപുരയിൽ, ജോയി നെടിയകാലായിൽ, ജോജോ പരുമണത്തേട്ട്,
സൂരജ് കോലടിയിൽ, ജോയി പുള്ളോർകുന്നേൽ, ആഗ്ന പുതിയേടത്ത്, ലൂസി ചക്കാലപ്പടവിൽ.

***അങ്ങാടിയാത്ത് പിതാവിന്റെ സർക്കുലർ***

### ചിക്കാഗോ സീറോ-മലബാർ രൂപതയുടെ ദശവത്സരാചരണം

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,
സന്യസ്ഥരേ, സഹോദരരേ,

2011 മാർച്ച് 13-ന് നമ്മുടെ രൂപതയുടെ പ്രഖ്യാപനവും ജൂലൈ 01-ന് ഔദ്യോഗിക ഉദ്ഘാടനവും എന്റെ മെത്രാഭിഷേകവും നടന്നിട്ട് 10 വർഷം പൂർത്തിയാവുകയാണ്. അതുകൊണ്ട് 2011 മുഴുവനും വാർഷികത്തിന്റെ സ്മരണ നിലനിർത്തി ഇക്കഴിഞ്ഞ വർഷങ്ങളിൽ ദൈവം നമുക്ക് തന്ന കൃപാവര സമൃദ്ധിയ്ക്ക് നന്ദി പറയുവാനും വരും കാലങ്ങളിലേക്ക് കൂടുതൽ അനുഗ്രഹങ്ങൾ നല്കണമേയെന്ന് പ്രാർത്ഥിക്കാനും വ്യക്തി, കുടുംബം, ഇടവക, രൂപത എന്നീ തലങ്ങളിൽ നമുക്ക് പരിശ്രമിക്കാം.

23 ഇടവകകൾ, 35 മിഷനുകൾ, 45 വൈദികർ, 60000 വിശ്വാസികൾ - ഇത്രയുമൊക്കെ വളർച്ച ദൈവം തന്നതാണ്. ബഹുമാനപ്പെട്ട അച്ചന്മാരുടെ കഠിനാദ്ധ്വാനം, വിശ്വാസികളുടെ ഉദാരമായ സഹകരണം, ഏവരുടെയും തീക്ഷണമായ പ്രാർത്ഥന, ഇതൊക്കെയാണ് ഇത്രയും വളർച്ചക്ക് കാരണമായത്. ഇനിയും ഏറെ മുന്നേറാനുണ്ട്. ഈ വിശ്വാസയാത്രയിൽ ഇന്നത്തേക്കാൾ മെച്ചമായി വളരാൻ "വഴിയും സത്യവും ജീവനു"മായ നല്ല ഇടയൻ നമ്മെ സഹായിക്കട്ടെ.

2010 ക്രിസ്തുമസിന് ഈ ദശവത്സരാചരണം കത്തീഡ്രൽ പള്ളിയിൽ ഉദ്ഘാടനം ചെയ്യുന്നതും 2011 ക്രിസ്തുമസിന് ഇതിന് സമാപനം കുറിക്കുന്നതുമാണ്. നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും 2011 ജനുവരിയിൽ തന്നെ ഇതിന്റെ ഉദ്ഘാടനം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ ദശവത്സരാചരണത്തിന്റെ ആദർശവാക്യമായി സ്വീകരിച്ചിരിക്കുന്നത് Know, Love, and Build the Church എന്നതാണ്. നമ്മുടെ സഭയെ കൂടുതൽ അറിഞ്ഞ്, സ്നേഹിച്ച്, പണിതുയർത്താൻ ഈ അവസരം നമുക്ക് ഉപയോഗിക്കാം.

ഇതോടനുബന്ധിച്ച് വിഭാവനം ചെയ്യുന്ന കർമ്മപരിപാടികളിൽ ചിലത് താഴെ ചേർക്കുന്നു.

1. രൂപതയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥന എല്ലാ വീടുകളിലും പതിവായി ചൊല്ലുവാൻ പ്രോത്സാഹിപ്പിക്കുക.

2. രൂപതയ്ക്കു വേണ്ടി എല്ലാ കുർബാനയിലും കാറോസൂസയുടെ കൂട്ടത്തിൽ ചൊല്ലാനുള്ള പ്രാർത്ഥന:

ശുശ്രൂഷി: കർത്താവേ, മാർത്തോമ്മാശ്ലീഹായുടെ നാമത്തി ലുള്ള ഞങ്ങളുടെ രൂപത, ദൈവാരാധനയിലും ദൈവവചന ത്തിലും പരസ്നേഹത്തിലും സഭാചൈതന്യത്തിലും അനുദിനം വളരുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും സമൃദ്ധ മായി നല്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(Continued on page 4)



Crib at Morton Grove



Crib at Maywood

## STAFF

**Pastor: Fr. Abraham Mutholathu Jacob**
**(773) 412-6254 (cell)**
**mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood and Morton Grove and 5:30 P.M. at Morton Grove.**
**English Mass at 11:40 A.M. at Maywood and Morton Grove.**
**MONDAY - FRIDAY 7:00 P.M. Morton Grove.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood and Morton Grove.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M. at Maywood and Morton Grove.**

## SACRAMENT OF RECONCILIATION (CONFESSION)

**First and Third Sundays during Mass at Maywood.**
**Second and Fourth Sundays during Mass at Morton Grove.**
**Thursdays during 7:00 P.M. Mass at Morton Grove.**

## ADORATION

**ALL: First Fridays after Mass at both churches.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass at both churches.**
**St. Jude on Thursdays at 7:00 P.M. at Morton Grove.**
**St. Michael 3rd Friday of the month after 7:00 P.M. Mass at Maywood.**

## PRAYER GROUP

**Sundays after 10:00 A.M. Mass at both churches.**

## ROSARY

**Monday - Friday at 6:30 P.M. at Morton Grove.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass at Maywood.**

## LEGION OF MARY

**1st and Third Saturdays after 10:00 A.M. Mass at Maywood.**
**Every Thursday after 7:00 P.M. Mass at Morton Grove.**




January 2011

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | 31 | | | | | |

### FRIDAY, JANUARY 7, 2011
First Friday.
**St. John of Baptist**
Holy Mass and Adoration at Maywood (St. Sebastian Koodara Yogam) and Morton Grove at 7:00 P.M.

### SATURDAY, JANUARY 8, 2011
**Death Anniversary of Mar Alexander Choolaparambil (1951). Prayer at both churches after Mass.**
Holy Mass and Novena at Maywood and Morton Grove at 10:00 A.M.

### SUNDAY, JANUARY 9, 2011
First Sunday of Epiphany
Syro-Malabar Mission Sunday.
Feast Celebration of Blessed Chavara Kurakose Elias at Maywood at 10:00 A.M.
Holy Mass at Morton Grove at 10:00 A.M.
Religious Education Classes at 10:00 A.M. at Maywood and Morton Grove.
English Mass at Maywood and Morton Grove at 11:40 A.M.
5:30 P.M. Malayalam Mass at Morton Grove.

### MONDAY, JANUARY 10, 2011
Holy Mass at Morton Grove at 7:00 P.M.

### TUESDAY, JANUARY 11, 2011
Holy Mass at Morton Grove at 7:00 P.M.

### WEDNESDAY, JANUARY 12, 2011
Holy Mass at Morton Grove at 7:00 P.M.

### THURSDAY, JANUARY 13, 2011
Holy Mass and Novena at Morton Grove at 7:00 P.M.

### FRIDAY, JANUARY 14, 2011
Sts. Peter & Paul, the apostles.
Holy Mass at Maywood and Morton Grove at 7:00 P.M.

### SATURDAY, JANUARY 15, 2011
Syro-Malankara Holy Mass by Fr. Mathew Perupallikunnel at Morton Grove at 8:30 A.M. in remembrance of Late V.P. Abraham Vadakkedath.
Holy Mass and Novena at Maywood and Morton Grove at 10:00 A.M.
St. Joseph Koodarayogam (Skokie, Lincolnwood, and Chicago North of 90 Express way) at the house of Sabu Kattappuam at 7:00 P.M.

### SUNDAY, JANUARY 16, 2011
Holy Mass at Maywood and Morton Grove at 10:00 A.M.
Religious Education Classes at 10:00 A.M. at Maywood and Morton Grove.
English Mass at Maywood and Morton Grove at 11:40 A.M.
5:30 P.M. Malayalam Mass at Morton Grove.

### MONDAY, JANUARY 17, 2011
Holy Mass at Morton Grove at 7:00 P.M.

### TUESDAY, JANUARY 18, 2011
**Unity Octave begins today.**
Holy Mass at Morton Grove at 7:00 P.M.

### WEDNESDAY, JANUARY 19, 2011
Holy Mass at Morton Grove at 7:00 P.M.

### THURSDAY, JANUARY 20, 2011
**Feast Day of St. Sebastian**
Holy Mass and Novena at Morton Grove at 7:00 P.M.



# വികാരിയുടെ സന്ദേശം

## മനുഷ്യനിൽനിന്നു മൃഗങ്ങളിലേയ്ക്കും സാംസ്കാരിക പരിണാമം

എന്റെ പ്രിയ സഹോദരങ്ങളേ,

ഇക്കഴിഞ്ഞ ക്രിസ്തുമസ് കുർബാനയ്ക്ക് ലാറ്റിൻ പള്ളിയിലെ ഒരച്ചൻ അടുത്ത ഈസ്റ്റർ കുർബാനയുടെ സമയം വിശ്വാസികളെ മുൻകൂട്ടി അറിയിച്ചു. അതിനു കാരണമായി അദ്ദേഹം പറഞ്ഞത്, ക്രിസ്തുമസ് കുർബാനയ്ക്കു വന്നവരിൽ പലരും ഇനി പള്ളിയിൽ വരുന്നത് ഉയിർപ്പു കുർബാനയ്ക്കാണ്. അതിനിടയിൽ അവരെ ഈസ്റ്റർ കുർബാനയുടെ സമയം അറിയിക്കുവാൻ വേറെ മാർഗമില്ല. നമ്മുടെ ക്നാനായ പള്ളികളിലും ഇത്തരം വിശ്വാസികളുണ്ട്: ഈസ്റ്ററിനും ക്രിസ്തുമസിനും മാത്രം നമ്മുടെ പള്ളികളിൽ വരുന്നവർ. അതിനാലാണ് ഈ രണ്ടു വിശേഷ തിരുന്നാളുകൾക്കു മുമ്പ് ഞാൻ ക്നാനായ ഭവനങ്ങളിലേയ്ക്ക് തിരുക്കർമ്മങ്ങളുടെ സമയമറിയിച്ച് കത്ത് അയയ്ക്കുന്നത്.

ക്രിസ്തുമസിനും ഈസ്റ്ററിനുംമാത്രം നമ്മുടെ പള്ളികളിൽ വരുന്ന പലരും ഞായറാഴ്ചകളിൽ ലാറ്റിൻ പള്ളികളിൽ പോകുന്നവെന്നത് ആശ്വാസകരമാണ്. എന്നാൽ ലാറ്റിൻ പള്ളികൾ, വിശ്വാസികളുടെയും സമർപ്പിതരുടെയും കുറവുകൊണ്ടും, സാമ്പത്തിക പ്രതിസന്ധികൊണ്ടും, മുങ്ങിത്താഴുന്ന കപ്പലായി മാറിക്കൊണ്ടിരിക്കുന്നു. ഞായറാഴ്ചകളിൽ അവിടെ കുർബാനയ്ക്കു വരുന്നവരിൽ അധികംപേരും പ്രായം ചെന്നവരാണ്. ചെറുപ്പക്കാർ മിക്കവരും ഞായറാഴ്ചകളിൽ പള്ളിയിൽ വരാത്തതിനാൽ പള്ളികളിൽ നിന്നു പരിശീലനം ലഭിക്കുന്ന കുട്ടികൾ പരിമിതമാണ്. അങ്ങനെ കത്തോലിക്കാ സ്കൂളുകൾ പൂട്ടുവാനും പള്ളികൾ വില്ക്കുവാനും നിർബന്ധിതമാകുന്നു.

ഏതെങ്കിലും കത്തോലിക്കാ പള്ളിയിൽ പോയി കുർബാന കണ്ടാൽ പോരേ എന്നു വാദിക്കുന്ന നമ്മുടെ ആളുകൾ ചിന്തിക്കേണ്ട വസ്തുതയുണ്ട്: മിനിമം ശുശ്രൂഷമാത്രം നടക്കുന്ന പള്ളികളിൽ പോയി മിനിമം പരിപാടികളിൽ പങ്കെടുത്ത് പണം ലാഭിക്കുമ്പോൾ നമുക്കു നഷ്ടമാകുന്നത് നമ്മുടെ ഭാവിതലമുറകളുടെ വിശ്വാസ പരിശീലനമാണ്. ഇന്നത്തെ അമേരിക്കക്കാരിൽ വിശ്വാസം പാലിക്കുന്ന കത്തോലിക്കരേക്കാൾ പതിന്മടങ്ങാണ് മാമ്മോദീസാ മുങ്ങിയിട്ട് പള്ളിയിൽ പോകാത്തവർ. ലാറ്റിൻ പള്ളികളെയാണു നാം ആശ്രയിക്കുന്നതെങ്കിൽ, ആ ഗണത്തിലേയ്ക്കാകും നമ്മുടെ ഭാവിതലമുറയും നീങ്ങുക. മാത്രമല്ല അത്തരക്കാരുടെ ദൈവത്തെ മറന്നുള്ള ജീവിതമാകും നമ്മുടെ മക്കളും കൊച്ചുമക്കളും പാലിക്കുക.

മനുഷ്യനെ മൃഗത്തിൽനിന്നു ശ്രേഷ്ഠനാക്കുന്നത് ശാരീരിക വ്യത്യാസം മാത്രമല്ല, അമർത്യമായ ആത്മാവും, നന്മതിന്മ തിരിച്ചറിയുവാനുള്ള വിവേകവും, നന്മ ചെയ്യുവാനുള്ള സ്വാതന്ത്ര്യവും, ശാശ്വത ദാമ്പത്യ ബന്ധവും, സുദൃഢ കുടുംബ ബന്ധങ്ങളും, ഈശ്വര-സാഹോദര്യ ബന്ധവും, സ്വർഗ്ഗോന്മുഖ ജീവിതവുമാണ്. പള്ളി ബന്ധം നഷ്ടപ്പെടുന്ന ആധുനിക അമേരിക്കൻ ജനതയ്ക്ക് നഷ്ടമാകുന്നത് ഇവയെല്ലാമാണ്.

ആശുപത്രിയിൽ സേവനം ചെയ്യുന്ന ഞാൻ നിത്യേന കാണുന്ന പല അമേരിക്കൻ കുടുംബങ്ങൾക്കും ഈശ്വര വിശ്വാസവും, മരണാനന്തര ജീവിതത്തിലുള്ള പ്രത്യാശയും, ശാശ്വത ദാമ്പത്യ ബന്ധവും, കുടുംബ ഭദ്രതയും, സാമൂഹ്യബന്ധങ്ങളും നഷ്ടപ്പെട്ടിരിക്കുകയാണ്. വ്യക്തിസ്വാതന്ത്ര്യത്തിന് അമിത പ്രാധാന്യം നല്കുന്ന ഈ അമേരിക്കയിൽ, മൃഗങ്ങളെപ്പോലെ ദാമ്പത്യമില്ലാതുള്ള ലൈംഗിക ബന്ധവും, മക്കളിൽ താല്പര്യമില്ലായ്മയും, സ്വാർത്ഥതയിൽ അധിഷ്ഠിതമായ താല്ക്കാലിക സുഖജീവിതവുമാണ് കൂടുതൽ പ്രതിഫലിക്കുന്നത്. അത്തരം മൂല്യങ്ങളിൽ മുങ്ങിക്കുളിക്കുന്ന നമ്മുടെ കുഞ്ഞുങ്ങളും അത്തരത്തിൽ വളർന്നില്ലെങ്കിലേ അതിശയിക്കേണ്ടതുള്ളൂ. അതിൽനിന്നു നമ്മുടെ കുട്ടികൾ കുറെയെങ്കിലും വ്യത്യസ്തരാകണമെങ്കിൽ നാമും നമ്മുടേതായ മൂല്യകുളങ്ങൾ തീർത്ത് അവയിൽ അവരെ വളർത്തണം.

മനുഷ്യനെ മൃഗതൃഷ്ണയിൽനിന്നു മെച്ചപ്പെട്ട മനുഷ്യനും ദൈവിക നുമാക്കുവാൻ മതത്തിനേ കഴിയൂ. എന്നാൽ വൈവിധ്യമാർന്ന മതങ്ങൾക്കും പള്ളികൾക്കും അവയുടേതായ പ്രത്യേകതയുണ്ട്. ഈ പ്രവാസിനാട്ടിൽ മനുഷ്യൻ മൃഗസമാനം ധാർമ്മികമായി അധഃപതിക്കുമ്പോൾ, അതിൽനിന്നു കരേറ്റുവാൻ കെല്പു നഷ്ടപ്പെട്ട വരെ ആശ്രയിക്കാതെ, നമുക്കു നമ്മുടേതായ പള്ളികൾ തീർക്ക ണം. അതിനു ചെലവാകുന്ന പണവും അദ്ധ്വാനവും നഷ്ടമല്ല ,ഭാവി തലമുറയ്ക്കുവേണ്ടിയുള്ള നല്ല നിക്ഷേപമാണെന്നു നാം തിരിച്ചറി യണം.

മെച്ചപ്പെട്ട കത്തോലിക്കാ വിശ്വാസവും കുടുംബ മൂല്യങ്ങളുമുണ്ടായിരുന്ന, ദൈവത്തിന്റെ സ്വന്തം നാട്ടിൽനിന്ന് ഡോളറിന്റെ സമൃദ്ധിതേടി പറന്നുവന്ന നമ്മൾ, നമ്മുടെ വിശ്വാസവും കുടുംബ മൂല്യങ്ങളും നിലനിർത്താനുപകരിക്കുന്ന സജീവമായ ക്നാനായ പള്ളികൾ തീർത്ത് അവയിൽ സഹകരിക്കുമ്പോൾ വലിയൊരു ആത്മീയ പതനത്തിൽനിന്നാണു വിമുക്തരാകുക. ജലപ്രളയം മുൻകൂട്ടി അറിഞ്ഞ നോഹ, ദൈവിക പ്രചോദനപ്രകാരം രക്ഷയുടെ പേടകം തീർത്ത് അതിൽ അഭയം തേടി തലമുറകളെ രക്ഷിച്ചതുപോലെയാണ് ക്നാനായ പള്ളികൾ തീർത്ത് അവയിൽ ചേക്കേറുമ്പോൾ നാമും ചെയ്യുക. അന്നു നോഹയെ മണ്ടനെന്നു വിളിച്ചു പുച്ഛിച്ചവർ പിന്നീടു നശിച്ചതു നമുക്കറിയാം. അവരോടു രക്ഷപെടുവാൻ നോഹ ഉപദേശിച്ചത് ആവർത്തിക്കാനേ നമുക്കും

### നുറുങ്ങുവെട്ടം



**അമേരിക്കയിലെ ധാർമ്മിക പതനമാകുന്ന ചേറിൽ വിരിയുന്ന ചെന്താമരകളായി ക്നാനായ പള്ളികൾ പ്രശോഭിക്കണം.**

*(Continued from page 3)*

കഴിയും.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

*(Continued from page 1)*

മറുപടി: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

3. ഓരോ മാസത്തിലും പഠനത്തിലും പ്രാർത്ഥനയ്ക്കുമായി താഴെപ്പറയുന്ന വിഷയങ്ങൾ സ്വീകരിക്കാവുന്നതാണ്.

January - Introduction to Old Testament

February - Introduction to New Testament

March - Paschal Mystery of Christ

April - Syro-Malabar Church history

May - Holy Qurbana

June - Sacraments in General; Confession and Eucharist in particular

July - 4 identifying marks of a particular Church: Spirituality, Theology, Liturgy, & Canon Law

August - Parish Administration: Role of Priest, Kaikaran, Parish Council ...

September - Ten Commandments and Precepts of the Church

October - Faith Formation of Adults & Children

November - Married Life, Family, Pro-Life

December - Vocation

പ്രാർത്ഥനായോഗങ്ങളിലും ഇടവകാസമിതികളിലും പഠനത്തിനും ചർച്ചയ്ക്കും ഇവ സ്വീകരിക്കാവുന്നതാണ്. അടുത്ത വർഷം (2012) ഇവയുടെ വെളിച്ചത്തിൽ ഇടവക, രൂപത തലങ്ങളിൽ മത്സരങ്ങൾ നടത്താവുന്നതാണ്.

4. ഇടവക, രൂപത തലങ്ങളിൽ Essay, Bible Quiz എന്നിവയ്ക്ക് മത്സരങ്ങൾ നടത്തുക.

5. ഇടവക / മിഷനുകളിൽ ഗ്രൂപ്പ് തിരിച്ച് (Children, Youth, Couple, ...) ആദർശവാക്യത്തെ അധാരമാക്കി സെമിനാർ നടത്തേണ്ടതാണ്.

6. ഇടവക / മിഷൻ ബുള്ളറ്റിനിൽ രൂപതയുടെ ദശവത്സരാചരണത്തെക്കുറിച്ച് സൂചിപ്പിക്കുക.

7. ഇടവക മിഷനുകളിൽ ധ്യാനം നടക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ഓർമ്മിപ്പിക്കണം. വിശുദ്ധ കുർബാനയിലും ആരാധനയിലും പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിക്കണം.

*(Continued on page 5)*

# അറുപതാം വിവാഹ വാർഷികം

ജനുവരി 9, 2011



## കുര്യൻ ചെറിയാൻ & മറിയാമ്മ ചെറിയാൻ

### കളപ്പുരയ്ക്കൽ കരോട്ട്, നീറിക്കാട്

*- ആശംസകളോടെ മക്കളും കൊച്ചുമക്കളും*

(Continued from page 4)

8. 2011-ലെ സൗകര്യപ്രദമായ ഒരു ദിവസം രൂപതയ്ക്കു വേണ്ടിയുള്ള ആരാധനാ ദിവസമായി ചെലവഴിക്കണം. ഓരോ ഇടവക / മിഷനും തീരുമാനിക്കുന്ന തിയതി രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

9. Regional Level -ൽ Special Assembly വിളിച്ചുകൂട്ടി ആദർശവാക്യത്തിന്റെ വെളിച്ചത്തിൽ സെമിനാർ നടത്തുക.

10. Outreach Program എന്ന നിലയിൽ നാട്ടിൽ പാവപ്പെട്ടവർക്ക് 10 വീട് വെച്ചുകൊടുക്കുക. 1,000 അനാഥ കുട്ടികൾക്ക് School Uniform -ഉം പഠനസാമഗ്രികളും വാങ്ങി കൊടുക്കുക.

11. ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി October മാസത്തിൽ Vision Congress എന്ന പേരിൽ പ്രതിനിധി സമ്മേളനം നടത്തുക.

12. വൈദികരുടെ ധ്യാനം (കത്തീഡ്രലിൽ) : June 06-10, 2011

13. ആഘോഷമായ വിശുദ്ധ കുർബാന അർപ്പണം : June 11, 2011

ഇവയ്ക്കു പുറമേ മറ്റേതെങ്കിലും പരിപാടികൾ ഇടവകാതലത്തിൽ ഇതിനോട് ബന്ധപ്പെടുത്തി നടത്താൻ സാധിക്കുമെങ്കിൽ നല്ലതാണ്. രൂപതയുടെ വളർച്ചയിൽ ഓരോ ഇടവകയും മിഷനും എന്നതുപോലെ തന്നെ ഓരോ കുടുംബത്തിനും ഓരോ വ്യക്തിക്കും നിർണ്ണായകമായ പങ്കുണ്ട് എന്ന് നാം മനസിലാക്കണം.

കേരളത്തിലും കേരളത്തിനു വെളിയിലുമായി സീറോ-മലബാർ സഭയുടെ വിവിധ രൂപതകളിൽ നിന്നും വന്നിട്ടുള്ളവരാണ് നമ്മൾ. എന്നാൽ ഇവിടെ നമുക്കെല്ലാവർക്കും കൂടി ഒരു രൂപതയേ ഉള്ളൂ. അതു ചിക്കാഗോ രൂപതയാണ്. ഈ രൂപതയുടെ വളർച്ച നമ്മുടെ എല്ലാവരുടേയും വളർച്ചയാണ്. കുടുംബമായി, മിഷനായി, ഇടവകയായി, രൂപതയായി, സഭയായി, സ്നേഹത്തിന്റെ ഐക്യത്തിൽ മുന്നേറാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരിശുദ്ധ അമ്മയുടേയും മാർത്തോമ്മാശ്ലീഹായുടേയും വിശുദ്ധ അൽഫോൻസാമ്മയുടേയും മാദ്ധ്യസ്ഥം നമ്മെ സഹായിക്കട്ടെ. ഏവർക്കും പിറവിത്തിരുന്നാളിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു.



സ്നേഹപൂർവ്വം പിതാവ്

മാർ ജേക്കബ്
അങ്ങാടിയത്ത്

# "Congratulations to Dad and Mom"





**Thomas and Siby Kadiyampally**

**25th anniversary on 01-12-2011.**

With Love Sheryl, Shawn, Shobin.

Jubilee Greetings
From Kadiyampally and Nellamattam Family.

| READINGS & READERS | | | ദനഹാക്കാലം (First Sunday of Epiphany) | | |
|---|---|---|---|---|---|
| JAN. 9 | READINGS | S. HEART 10 A.M. | S. HEART 11:40 | ST. MARY'S 10:00 | ST. MARY'S 11:40 |
| 1ST | Exodus 3:1-15 | John Klakil | Nikhil Chakariyamthadathil | Antony Valloor | Allu Kulangara |
| 2ND | 2Tim. 3:10-15 | Marykutty Chemmachel | Anupama Puthenpurayil | Saira Kannampally | Faimy Poothruckayil |
| GOSPEL | Luke 4:14-22a | Jesus' Mission | | | |

| READINGS & READERS | | | ദനഹാക്കാലം (Second Sunday of Epiphany) | | |
|---|---|---|---|---|---|
| JAN. 16 | READINGS | MAYWOOD 10 A.M. | MAYWOOD 11:40 | ST. MARY'S 10:00 | ST. MARY'S 11:40 |
| 1ST | Is. 45:11-17 | George Kulathilkarotte | Thomas Chemmalakuzhy | TBA | TBA |
| 2ND | Heb. 3:12-19 | Neetha Chemmachel | Chinnu Elavumkal | TBA | TBA |
| GOSPEL | Jn. 1:19-28 | Witness of John the Baptist | | | |





Christmas Holy Mass at Morton Grove (left) and Maywood (top).

**രണ്ടാം ചരമ വാർഷികം**

01-01-2011



**ഉപ്പാൻ സാർ, നടുവീട്ടിൽ, ഉഴവൂർ**

*- സന്തപ്ത കുടുംബാംഗങ്ങൾ*

## SECOND DEATH ANNIVERSARY

**01-04-2011**



## Philip Kurian Njaravelil

**Inserted by the sorrowing family**

| OFFERINGS | Dec 24 | Dec. 26 | Jan 1/2 |
|---|---|---|---|
| **ST. MARY'S, MORTON GROVE** | | | |
| Christmas Mass | 5,574.00 | | |
| 10:00 A.M. Mass | 191.00 | 1,628.00 | 1,942.00 |
| Sunday 5:30 P.M. | | 708.00 | 237.00 |
| Year End Mass | | | 1,623.00 |
| New Year Mass | | | 821.00 |
| St. Jude Novena | 130.00 | | 319.00 |
| St. Stephen Feast Kazhunnu | | 1,359.00 | |
| St. Stephen Feast Offerings | | 339.00 | |
| St. Stephen Feast sponsors | | 250.00 | |
| St. Mary Statue offering | 2,057.00 | | |
| Building Fund | | 1,050.00 | 20.00 |
| Facility Usage | | | 1,600.00 |
| Souvenir | | 150.00 | |
| Sponsor - Alter / chapel | 1,000.00 | | 2,000.00 |
| **TOTAL ST. MARY'S** | **8,952.00** | **5,484.00** | **8,562.00** |
| **SACRED HEART, MAYWOOD** | | | |
| Regular Mass | 3,595.77 | 872.00 | 2,938.00 |
| Christmas Offerings | 650.00 | | |
| St. Stephen Feast Offering | | | 1,044.00 |
| Guadalupe Offering | | 34.00 | 148.00 |
| Facility Usage - Hall | | | 650.00 |
| Bulletin Advertisement | | | 780.00 |
| Wedding Donation | | 100.00 | |
| Special Collection Food | 420.00 | | |
| Christmas Carol Balance | | | 50.00 |
| **TOTAL MAYWOOD** | **4,665.77** | **1,006.00** | **5,610.00** |
| **AGAPE MOVEMENT** | | | |
| Morton Grove Store | 201.00 | 25.00 | 30.00 |
| Maywood Store | 60.00 | | 72.00 |
| Bulletin Donation | | | 225.00 |
| Manthra /Death Anniversary | | | 172.00 |
| Christmas Charity Raffle | 450.00 | | |
| **TOTAL AGAPE** | **711.00** | **25.00** | **499.00** |



## ഉപകാരസ്മരണ

ഈശോയുടെ വിശ്വസ്ത സ്നേഹിതനും ദാസനും അപ്പസ്തോലനുമായ വിശുദ്ധ യൂദായെ നിരാശാജനകവും അസാദ്ധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങയെ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. ഏറെ കഷ്ടപ്പെടുന്ന ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമെ. ആശയറ്റ സന്ദർഭത്തിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേക്കു സംസിദ്ധമായിരിക്കുന്ന പ്രത്യേകാനുകൂല്യത്തെ വിനയോഗിക്കണമെന്ന് ഞങ്ങൾ എളിമയോടെ അങ്ങയോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനും അങ്ങയോടും മറ്റെല്ലാ വിശുദ്ധരോടുംകൂടെ അനവരതം ദൈവത്തെ സ്തുതിക്കുന്നതിനും ഞങ്ങൾക്ക് ഇടയാക്കണമെ. വിശുദ്ധ യൂദായെ ഞങ്ങൾക്കു വേണ്ടിയും അങ്ങേ വന്ദിക്കുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്ന എല്ലാവർക്കും വേണ്ടിയും പ്രാർത്ഥി ക്കണമെ. ആമ്മേൻ.

*- ഒരു വിശ്വാസി*



## DENHA

During the weeks of Denha, we celebrate the Mystery of the Holy Trinity, revealed at Jesus' Baptism. The EYE on the top is God the Father and the DOVE God the Holy Spirit. The door is the door of heaven opened at Jesus' Baptism (Mk 1:10-11). The hands are that of John the Baptist. The Sun pictured above is Jesus the Eternal Sun who enlightens the whole world. The imageries on both sides are those of the Kingdom of Heaven, which Jesus proclaimed through His words and deeds: net in the sea (Mt 13:47), treasure in the field (Mt 13:44), mustard tree (Mk 4:32), etc. The decorated plantain trunk indicates one of the traditional celebrations of Denha among the Thomas Christians of India

ഷിക്കാഗോ സീറോമലബാർ രൂപതയുടെ പത്താമത്തു വാർഷികത്തിന്റെ ഇടവകതല ഉൽഘാടനം ജനുവരി 23 ഞായറാഴ്ച രാവിലെ 10:00ന് മേവുഡിലെ നമ്മുടെ തിരുഹൃദയ ദൈവാലയത്തിൽ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്തു നിർവ്വഹിക്കുന്നതാണ്.

YOU INVITE THE GUESTS, WE DO THE REST
Malabar
Catering & Carry-out
Professional with 11 years experience in catering.
Call
WILLIAM GEORGE
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

LINCOLNWOOD
MORTGAGE SERVICES, INC.

4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose Kanjiraparayil
Phone: 847-583-1245, Cell: 773-983-0497
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals.
EQUAL OPPORTUNITY LENDER

*Your Rehab Specialists*
Pro-Rehab Services, P.C.
&
Choicecare Home Health, Inc.

Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com
Best Compliments from the Mutholath Family

